# ശഫാഅത്ത് : സത്യവും മിഥ്യയും

ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യമുള്ളവനാണ് ശുപാർശയുടെ (ശഫാഅത്ത്) അധികാരമെന്നാണ് വിശുദ്ധ ഖുർആൻ അറിയിക്കുന്നത്. അത് അല്ലാഹു മാത്രമാകുന്നു. അവൻ തന്റെ അടിമകൾക്ക് കരുണ ചെയ്യുന്നതിനു വേണ്ടി താൻ ഉദ്ദേശിക്കുന്നവർക്ക് ശുപാർശ ചെയ്യാൻ അനുവദിക്കുന്നു. അപ്പോൾ ഫലത്തിൽ അവൻ തന്നെ ശഫാഅത്ത് ചെയ്തതു പോലെയായി. അവന്റെയടുക്കൽ ശഫാഅത്ത് ചെയ്യുന്നവർക്ക് അതിനുള്ള അനുമതിയും നിർദ്ദേശവും കിട്ടിയ ശേഷം മാത്രമേ ശഫാഅത്ത് ചെയ്യാൻ കഴിയുകയുള്ളൂ.

ബഹുദൈവാരാധകർ കരുതുന്ന ശിർക്ക് കലർന്ന ശഫാഅത്തിന് വിരുദ്ധമാണ് ഈ ശഫാഅത്ത്. . ആ നിരർത്ഥകമായ ജൽപനത്തെ വിശുദ്ധ ഖുർആനിലൂടെ അല്ലാഹു തള്ളിപ്പറയുന്നത് കാണുക. അല്ലാഹു പറയുന്നു:

وَٱتَّقُواْ يَوۡمًا لَّا تَجۡزِي نَفۡسٌ عَن نَّفۡسٍ شَيۡـًٔا وَلَا يُقۡبَلُ مِنۡهَا عَدۡلٌ وَلَا تَنفَعُهَا شَفَٰعَةٌ وَلَا هُمۡ يُنصَرُونَ ﴿١٢٣﴾

ഒരാൾക്കും മറ്റൊരാൾക്കു വേണ്ടി ഒരുപകാരവും ചെയ്യാൻ പറ്റാത്ത, ഒരാളിൽ നിന്നും ഒരു പ്രായശ്ചിത്തവും സ്വീകരിക്കപ്പെടാത്ത, ഒരാൾക്കും ഒരു ശുപാർശയും പ്രയോജനപ്പെടാത്ത, ആർക്കും ഒരു സഹായവും ലഭിക്കാത്ത ഒരു ദിവസത്തെ (ന്യായ വിധിയുടെ ദിവസത്തെ) നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക. (2:123)

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَنفِقُواْ مِمَّا رَزَقۡنَٰكُم مِّن قَبۡلِ أَن يَأۡتِيَ يَوۡمٌ لَّا بَيۡعٌ فِيهِ وَلَا خُلَّةٌ وَلَا شَفَٰعَةٌۗ وَٱلۡكَٰفِرُونَ هُمُ ٱلظَّٰلِمُونَ ﴿٢٥٤﴾

സത്യവിശ്വാസികളേ, ക്രയവിക്രയമോ സ്നേഹബന്ധമോ ശുപാർശയോ നടക്കാത്ത ഒരു ദിവസം വന്നെത്തുന്നതിനു മുമ്പായി, നിങ്ങൾക്ക് നാം നൽകിയിട്ടുള്ളതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുവിൻ. സത്യനിഷേധികൾ തന്നെയാകുന്നു അക്രമികൾ.(2:254)

وَأَنذِرۡ بِهِ ٱلَّذِينَ يَخَافُونَ أَن يُحۡشَرُوٓاْ إِلَىٰ رَبِّهِمۡ لَيۡسَ لَهُم مِّن دُونِهِۦ وَلِيٌّ وَلَا شَفِيعٌ لَّعَلَّهُمۡ يَتَّقُونَ ﴿٥١﴾

തങ്ങളുടെ രക്ഷിതാവിങ്കലേക്ക് ഒരുമിച്ച് കൂട്ടപ്പെടുമെന്ന് ഭയപ്പെടുന്നവർക്ക് ഇത് (ദിവ്യ ബോധനം) മുഖേന നീ താക്കീത് നൽകുക. അവനു പുറമെ യാതൊരു രക്ഷാധികാരിയും ശുപാർശകനും അവർക്കില്ല. അവർ സൂക്ഷ്മത പാലിക്കുന്നവരായേക്കാം.(6:51)

إِنَّ رَبَّكُمُ ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۖ يُدَبِّرُ ٱلْأَمْرَ ۖ مَا مِن شَفِيعٍ إِلَّا مِنۢ بَعْدِ إِذْنِهِۦ ۚ ذَٰلِكُمُ ٱللَّهُ رَبُّكُمْ فَٱعْبُدُوهُ ۚ أَفَلَا تَذَكَّرُونَ ﴿٣﴾

തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആകാശങ്ങളെയും ഭൂമിയെയും ആറ് ദിവസങ്ങളിലായി സൃഷ്ടിക്കുകയും, പിന്നീട് കാര്യങ്ങൾ നിയന്ത്രിച്ചുകൊണ്ട് സിംഹാസനസ്ഥനാവുകയും ചെയ്ത അല്ലാഹുവാകുന്നു. അവന്റെ അനുവാദത്തിനു ശേഷമല്ലാതെ യാതൊരു ശുപാർശക്കാരനും ശുപാർശ നടത്തുന്നതല്ല. അവനത്രെ നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക.നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ? (10:3)

അതായത്, അല്ലാഹുവിനെ കൂടാതെ ഒരു ശുപാർശകനും തന്റെ അടിമകൾക്കില്ലെന്ന് അവൻ അറിയിക്കുകയാണ്. മറിച്ച്, അവൻ തന്റെ ദാസന്മാർക്ക് കരുണ ചെയ്യാനുദ്ദേശിക്കുമ്പോൾ അവനുദ്ദേശിച്ചവർക്ക് ശഫാഅത്തിന് അനുവദിക്കുന്നു. അല്ലാഹു പറയുന്നു.

مَا مِن شَفِيعٍ إِلَّا مِنۢ بَعْدِ إِذْنِهِۦ

അവന്റെ അനുവാദത്തിനു ശേഷമല്ലാതെ യാതൊരു ശുപാർശക്കാരനും ശുപാർശ നടത്തുന്നതല്ല. (10:3)

مَن ذَا ٱلَّذِى يَشْفَعُ عِندَهُۥٓ إِلَّا بِإِذْنِهِۦ

അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? (2:255)

അല്ലാഹുവിന്റെ അനുമതിപ്രകാരം ചെയ്യുന്ന ശഫാഅത്ത് (ശുപാർശ) ഒരിക്കലും അവനെ കൂടാതെയുള്ളവരുടെ ശുപാർശയല്ല. അവനു പുറമെ ഒരു ശുപാർശകനുമില്ല. പ്രത്യുത അവന്റെ അനുമതിപ്രകാരം ശുപാർശ ചെയ്യുന്നവർ മാത്രമാണുള്ളത്.

രണ്ടു തരം ശുപാർശകരും തമ്മിലുള്ള വ്യത്യാസം വ്യക്തമാണ്. ഒന്ന് ഒരു പങ്കാളിയുടേതും മറ്റേത് ഒരു അടിമയുടേതുമാണ്.

പങ്കാളിയുടെ ശഫാഅത്തിനെ അല്ലാഹു തള്ളിക്കളഞ്ഞു. കാരണം അവന് യാതൊരു പങ്കാളിയുമില്ല. എന്നാൽ കൽപനപ്രകാരം ചെയ്യുന്ന അടിമയുടെ ശഫാഅത്ത് അവൻ സ്ഥിരീകരിക്കുകയും ചെയ്തു. അവന്റെ അനുമതി കിട്ടിയ ശേഷമല്ലാതെ തന്റെ രക്ഷിതാവിനെ മുൻകടന്ന് അവർ ശഫാഅത്ത് ചെയ്യുകയില്ല. അഥവാ അല്ലാഹു അവരോട് പറയും:‘‘ നിങ്ങൾ ഇന്നയിന്ന ആളുകളുടെ കാര്യത്തിൽ ശഫാഅത്ത് ചെയ്തോളൂ.’ അപ്പോൾ അവർ ശഫാഅത്ത് ചെയ്യും. അതുകൊണ്ട് തന്നെ ശുപാർശക്ക് അനുമതി ലഭിക്കുന്നവരുടെ ശഫാഅത്ത് കൊണ്ട് ഏറ്റവും കൂടുതൽ പ്രയോജനം കിട്ടുന്ന സന്തുഷ്ടർ അല്ലാഹുവിനെ മാത്രം വിളിച്ചു പ്രാർഥിക്കുന്ന തൗഹീദിന്റെ വക്താക്കളാണ്. അതായത് കറകളഞ്ഞ ശുദ്ധമായ തൗഹീദിന്റെ വക്താക്കൾക്ക്. ശിർക്കിന്റെ യാതൊരു ലാഞ്ഛനയുമില്ലാത്ത അവരെയാണ് അല്ലാഹു തൃപ്തിപ്പെടുക. അല്ലാഹു പറയുന്നു:

يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلَا يَشْفَعُونَ إِلَّا لِمَنِ ٱرْتَضَىٰ وَهُم مِّنْ خَشْيَتِهِۦ مُشْفِقُونَ ﴿٢٨﴾

അവരുടെ മുമ്പിലുള്ളതും അവരുടെ പിന്നിലുള്ളതും അവൻ അറിയുന്നു. അവൻ തൃപ്തിപ്പെട്ടവർക്ക് വേണ്ടിയല്ലാതെ അവർ ശുപാർശ ചെയ്യുകയില്ല. അവരാകട്ടെ,അവനെപ്പറ്റിയുള്ള ഭയത്താൽ നടുങ്ങുന്നവരുമാകുന്നു. (21:28)

يَوْمَئِذٍ لَّا تَنفَعُ ٱلشَّفَٰعَةُ إِلَّا مَنْ أَذِنَ لَهُ ٱلرَّحْمَٰنُ وَرَضِىَ لَهُۥ قَوْلًا ١٠٩

അന്നേ ദിവസം പരമകാരുണികൻ ആരുടെ കാര്യത്തിൽ അനുമതി നൽകുകയും, ആരുടെ വാക്ക് തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നുവോ അവനല്ലാതെ ശുപാർശ പ്രയോജനപ്പെടുകയില്ല. (20:109)

ആർക്ക് വേണ്ടിയാണോ ശുപാർശ ചെയ്യുന്നത്, അവരെ അല്ലാഹു തൃപ്തിപ്പെടുകയും ശുപാർശ ചെയ്യുന്നവർക്ക് അതിനുള്ള അവന്റെ അനുമതിയും ലഭിച്ച ശേഷവുമല്ലാതെ ഉപകാരപ്രദമായ യാതൊരു ശുപാർശയും അവിടെ നടക്കുകയില്ല എന്നാണ് ഈ സൂക്തങ്ങൾ അറിയിക്കുന്നത്.

ശിർക്ക് ചെയ്യുന്നവരെ ഒരിക്കലും അവൻ തൃപ്തിപ്പെടുകയില്ല. അവരുടെ വാക്കുകളും അവന് തൃപ്തിയല്ല. അവരുടെ കാര്യത്തിൽ ശഫാഅത്ത് ചെയ്യാൻ ശുപാർശകരെ അവൻ അനുവദിക്കുകയുമില്ല. കാരണം അല്ലാഹുവിന്റെ അടുക്കലുള്ള ശഫാഅത്തിനെ രണ്ടു കാര്യങ്ങളുമായി അവൻ ബന്ധിച്ചിരിക്കുന്നു. അഥവാ ശുപാർശ ചെയ്യപ്പെടുന്നവരെ സംബന്ധിച്ചുള്ള അവന്റെ തൃപ്തിയും, ശുപാർശ ചെയ്യുന്നവർക്ക് അതിനായുള്ള അനുമതിയും. ഈ രണ്ട് കാര്യങ്ങളും ഇല്ലാത്തിടത്തോളം ശഫാഅത്ത് നടക്കുകയില്ല.

കാര്യങ്ങളെല്ലാം അല്ലാഹുവിന്റെ അധികാരത്തിലും നിയന്ത്രണത്തിലുമാണ്. അതിൽ യാതൊരാൾക്കും ഒരു പങ്കുമില്ല എന്നതാണ് ഇതിലടങ്ങിയിട്ടുള്ള യുക്തിരഹസ്യം. സൃഷ്ടികളിൽ അല്ലാഹുവിന്റെയടുക്കൽ ഏറ്റവും ഉൽകൃഷ്ടരും മാന്യന്മാരും ഉന്നതന്മാരും അവന്റെ അമ്പിയാക്കളും സമീപസ്ഥരായ മലക്കുകളുമാണ്. അവർ തന്നെയും അല്ലാഹുവിന്റെ അടിമകൾ മാത്രമാണ്. അവനെ മുൻകടന്ന് സംസാരിക്കുവാനോ വല്ലതും ചെയ്യുവാനോ അവർ മുതിരുകയില്ല. അല്ലാഹുവിന്റെ നിർദ്ദേശമോ അനുമതിയോ കൂടാതെ അവരാരും ഒന്നും ചെയ്യുകയില്ല.ഒരാൾക്കും മറ്റൊരാൾക്കുവേണ്ടി യാതൊന്നും ഉടമപ്പെടുത്താൻ കഴിയാത്ത ഖിയാമത്ത് നാളിൽ പ്രത്യേകിച്ചും . അതിനാൽ അവരെ കൊണ്ട് വല്ലവരും ശിർക്ക് ചെയ്ത് ആരാധനകൾ അവർക്ക് അർപ്പിക്കുകയും അവരെ തങ്ങളുടെ ശുപാർശകരായി കാണുകയും ചെയ്താൽ ,അല്ലാഹുവിനെ സംബന്ധിച്ചും അവനോടുള്ള കടമകളെക്കുറിച്ചും ജനങ്ങളുടെ കൂട്ടത്തിൽ ഏറ്റവും അജ്ഞരായിരിക്കും അവർ. അവർ വിചാരിക്കുന്നത് പോലെ ഇത്തരത്തിലുള്ള ആരാധനാകർമ്മങ്ങൾ ഈ മഹത്തുക്കൾക്കർപ്പിച്ചാൽ അവർ ഒരിക്കലും ഇവരുടെ ശുപാർശക്കാരാവുകയില്ല തന്നെ. ഇത് അസംഭവ്യവും അബദ്ധ ജഡിലവുമാണ്. കാരണം സർവ്വ ശക്തനും അത്യുന്നതനുമായാ അല്ലാഹുവിനെ സൃഷ്ടികളായ രാജാക്കന്മാരോടും നേതാക്കന്മാരോടും തുല്യപ്പെടുത്തലാണിത്. അവരുടെയടുക്കൽ സ്ഥാനവും പദവിയുമുള്ള ഒരാളെ കൂട്ടു പിടിച്ച് കാര്യങ്ങൾ നേടുന്നത്പോലെ അല്ലാഹുവിന്റെയടുക്കൽ നടക്കുകയില്ല. ഈ അപകടകരമായ തുലനപ്പെടുത്തലിലൂടെ തന്നെയാണ് വിഗ്രഹാരാധകർ വിഗ്രഹാരാധന നടത്തിയതും മുശ്‌രിക്കുകൾ അല്ലാഹുവിനു പുറമെ രക്ഷകന്മാരെയും ശുപാർശകരെയും അവരോധിച്ചതും.

ദുൻയാവിലെ ശുപാർശയും പരലോകത്തെ ശുപാർശയും തമ്മിലുള്ള വ്യത്യാസം സ്രഷ്ടാവും സൃഷ്ടികളും തമ്മിലുള്ള വ്യത്യാസം പോലെയാണ്. സൃഷ്ടികളുടെ അടുക്കലുള്ള ശുപാർശകർ അവരുടെ പങ്കാളികളും സഹായികളുമാണ്. ഒരുപക്ഷേ രാജാക്കന്മാരുടെയും നേതാക്കന്മാരുടെയുമൊക്കെ നിലനിൽപു പോലും ഇത്തരത്തിലുള്ളവരെ കൊണ്ടായിരിക്കും. അതുകൊണ്ടൊക്കെ തന്നെ അവരുടെ ശുപാർശകൾ അങ്ങനെയങ്ങ് തിരസ്കരിക്കാനവർക്ക് സാധിക്കുകയില്ല. അതിനാൽ പൂർണ്ണ സംതൃപ്തിയോടെയല്ലെങ്കിലും ഇത്തരം ശുപാർശകൾ അവർക്ക് സ്വീകരിക്കേണ്ടതായി വരുന്നു.

എന്നാൽ യാതൊരുവിധേനയും മറ്റൊരാളെ ആശ്രയിക്കേണ്ടതില്ലാത്ത നിരാശ്രയനും മറ്റെല്ലാവരുടെയും ആശ്രയവുമായിട്ടുള്ള സർവ്വ ശക്ത്നായ അല്ലാഹുവിനെ

സംബന്ധിച്ചിടത്തോളം ആകാശ ഭൂമികളിലുള്ളവരൊക്കെയും അവന്റെ സൃഷ്ടികളും അടിമകളുമാകുന്നു.അവന്റെ നിയന്ത്രണത്തിന് വിധേയമായിക്കൊണ്ടാണ് അവരൊക്കെയും ചരിച്ചു കൊണ്ടിരിക്കുന്നത്. അവരെ ഒന്നടങ്കം അവൻ നശിപ്പിച്ച് കഴിഞ്ഞാൽ പോലും അവന്റെ ആധിപത്യത്തിൽ നിന്നും അധികാരത്തിൽ നിന്നും അതുല്യ പ്രതാപത്തിൽ നിന്നും യതൊന്നും കുറയുകയില്ല. അല്ലാഹു പറയുന്നു:

لَّقَدْ كَفَرَ ٱلَّذِينَ قَالُوٓا۟ إِنَّ ٱللَّهَ هُوَ ٱلْمَسِيحُ ٱبْنُ مَرْيَمَ ۚ قُلْ فَمَن يَمْلِكُ مِنَ ٱللَّهِ
شَيْـًٔا إِنْ أَرَادَ أَن يُهْلِكَ ٱلْمَسِيحَ ٱبْنَ مَرْيَمَ وَأُمَّهُۥ وَمَن فِى ٱلْأَرْضِ جَمِيعًا ۗ وَلِلَّهِ
مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا ۚ يَخْلُقُ مَا يَشَآءُ ۚ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١٧﴾

മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. (നബിയേ,) പറയുക: മർയമിന്റെ മകൻ മസീഹിനെയും അദ്ദേഹത്തിന്റെ മാതാവിനെയും, ഭൂമിയിലുള്ള മുഴുവൻ പേരെയും അല്ലാഹു നശിപ്പിക്കുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ അവന്റെ വല്ല നടപടിയിലും സ്വാധീനം ചെലുത്താൻ ആർക്കാണ് കഴിയുക? ആകാശങ്ങളുടെയും ഭൂമിയുടെയും അവക്കിടയിലുള്ളതിന്റെയും എല്ലാം ആധിപത്യം അല്ലാഹുവിനത്രെ. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനത്രെ.(5:17)

ഖുർആൻ സൂക്തങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ ആയത്തുൽ കുർസിയ്യിലൂടെ അല്ലാഹു പറഞ്ഞതും ഇപ്രകാരമാണ്.

ٱللَّهُ لَآ إِلَـٰهَ إِلَّا هُوَ ٱلْحَىُّ ٱلْقَيُّومُ ۚ لَا تَأْخُذُهُۥ سِنَةٌ وَلَا نَوْمٌ ۚ لَّهُۥ مَا فِى ٱلسَّمَـٰوَٰتِ وَمَا فِى
ٱلْأَرْضِ ۗ مَن ذَا ٱلَّذِى يَشْفَعُ عِندَهُۥٓ إِلَّا بِإِذْنِهِۦ ۚ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ ۖ
وَلَا يُحِيطُونَ بِشَىْءٍ مِّنْ عِلْمِهِۦٓ إِلَّا بِمَا شَآءَ ۚ وَسِعَ كُرْسِيُّهُ ٱلسَّمَـٰوَٰتِ وَٱلْأَرْضَ ۖ وَلَا
يَـُٔودُهُۥ حِفْظُهُمَا ۚ وَهُوَ ٱلْعَلِىُّ ٱلْعَظِيمُ ﴿٢٥٥﴾

അല്ലാഹു – അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലിള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽനിന്ന് അവനിച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാര പീഠം ആകാശബ്ഭൂമികളെ മുഴുവൻ ഉൾകൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ. (2:255)

അല്ലാഹു പറയുന്നു:

قُل لِّلَّهِ ٱلشَّفَـٰعَةُ جَمِيعًا ۖ لَّهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ ثُمَّ إِلَيْهِ تُرْجَعُونَ ﴿٤٤﴾

പറയുക: അല്ലാഹുവിനാകുന്നു ശുപാർശ മുഴുവൻ. അവന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. പിന്നീട് അവങ്കലേക്ക് തന്നെയാകുന്നു നിങ്ങൾ മടക്കപ്പെടുന്നത്.(39:44)

ആകാശങ്ങളുടെയും ഭൂമിയുടെയും പരിപൂർണ്ണ അധികാരവും ആധിപത്യവും അല്ലാഹുവിനാണെന്ന് അവൻ അറിയിക്കുന്നു. അതിന്റെ അനിവാര്യതയാണ് ശുപാർശയുടെ പൂർണ്ണ അധികാരവും അവന് മാത്രമാണ് എന്നത്. അവന്റെ അനുമതി കൂടാതെ ഒരാൾക്കും അവന്റെയടുക്കൽ ശുപാർശ ചെയ്യാൻ സാധിക്കുകയില്ല.കാരണം അവരാരും അവന്റെ പങ്കുകാരല്ല.അവന് യാതൊരു പങ്കുകാരുമില്ല. പ്രത്യുത അവരൊക്കെയും അവന്റെ അടിമകൾ മാത്രമാണ്. എന്നാൽ ദുൻയാവിലെ ശുപാർശകൾ അതു പോലെയല്ല.

അപ്പോൾ അല്ലാഹു പരിശുദ്ധ ഖുർആനിലൂടെ നിഷേധിച്ച ശുപാർശ (ശഫാഅത്ത്) ഏതെന്ന് വ്യക്തമായി. അതായത്, ജനങ്ങൾ പരസ്പരം നടത്തുന്നതും അവർക്ക് പരിചയമുള്ളതുമായ പങ്കാളികളുടെ ശുപാർശ. അതിനാൽ ചിലയിടങ്ങളിൽ അല്ലാഹു ശുപാർശയെ നിരുപാധികമായി മൊത്തത്തിൽ നിഷേധിച്ചതായി കാണാം. അഥവാ മനുഷ്യർ പരസ്പരം പരിചയിച്ച തരത്തിലുള്ള യതൊരു വിധ ശുപാർശയും പരലോകത്ത് നടക്കുകയില്ല എന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ ശൈലി. എന്നാൽ മറ്റു ചില സന്ദർഭങ്ങളിൽ അവന്റെ അനുമതിയോടെയല്ലാതെ ശുപാർശകൾ ഉപകരിക്കുകയില്ലെന്ന് ഉപാധികളോടെ പറഞ്ഞിരിക്കുന്നത് കാണാം. ഈ ശുപാർശ വാസ്തവത്തിൽ അവന്റേതാണ്. കാരണം അവനാണ് അതിന് അനുമതി നൽകിയത്. അവനാണത് സ്വീകരിക്കുന്നത്. ശുപാർശ ആർക്കു വേണ്ടിയാണോ അവരെ തൃപ്തിപ്പെട്ടതും അവനാണ്. ശഫാഅത്തിന് അർഹമായ കർമ്മങ്ങൾക്കും വാക്കുകൾക്കും അവരെ അനുഗ്രഹിച്ചതും അവൻ തന്നെ.

ശുപാർശകരെ ആശ്രയമായി സ്വീകരിച്ചവൻ ബഹുദൈവാരാധകൻ (മുശ്രിക്ക്) ആയി. അവന് അവരുടെ ശുപാർശ ഉപകരിക്കുകയില്ല. എന്നാൽ ഏകനായ അല്ലാഹുവിനെ മാത്രം തന്റെ ആരാധ്യനും പ്രതീക്ഷയും ആശ്രയവുമായി സ്വീകരിക്കുന്ന , അവനെ മാത്രം ഭയപ്പെടുന്ന, അവനെ അങ്ങേയറ്റം സ്നേഹിക്കുന്ന, അവനിലേക്ക് അവനിഷ്ടപ്പെടുന്ന കാര്യങ്ങൾ മുഖേന അടുത്തുകൊണ്ടിരിക്കുന്ന, അവന്റെ തൃപ്തി കാംക്ഷിക്കുകയും, അവന്റെ അതൃപ്തികളിൽ നിന്ന് പരമാവധി അകലുകയും ചെയ്യുന്ന ഒരു യഥാർഥ മുവഹ്ഹിദിനാണ് (ഏകദൈവാരാധകന്) പരലോകത്ത് ശഫാഅത്ത് ലഭിക്കുക. അവന്റെ കാര്യത്തിലാണ് അല്ലാഹു ശുപാർശക്ക് (ശഫാഅത്തിന്) അനുമതി നൽകുക. അല്ലാഹു പറയുന്നു:

أَمِ ٱتَّخَذُوا۟ مِن دُونِ ٱللَّهِ شُفَعَآءَ ۚ قُلْ أَوَلَوْ كَانُوا۟ لَا يَمْلِكُونَ شَيْـًٔا وَلَا يَعْقِلُونَ ﴿٤٣﴾

അതല്ല, അല്ലാഹുവിനു പുറമെ അവർ ശുപാർശക്കാരെ സ്വീകരിച്ചിരിക്കുകയാണോ? പറയുക: അവർ (ശുപാർശക്കാർ) യാതൊന്നും അധീനപ്പെടുത്തുകയോ ചിന്തിച്ചു മനസ്സിലാക്കുകയോ ചെയ്യുന്നില്ലെങ്കിൽ പോലും (അവരെ ശുപാർശക്കാരാക്കുകയോ?) (39:43)

قُل لِّلَّهِ ٱلشَّفَـٰعَةُ جَمِيعًا ۖ لَّهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ ثُمَّ إِلَيْهِ تُرْجَعُونَ ﴿٤٤﴾

പറയുക: അല്ലാഹുവിനാകുന്നു ശുപാർശ മുഴുവൻ. അവന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. പിന്നീട് അവങ്കലേക്ക് തന്നെയാകുന്നു നിങ്ങൾ മടക്കപ്പെടുന്നത്.(39:44)

وَيَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَضُرُّهُمْ وَلَا يَنفَعُهُمْ وَيَقُولُونَ هَـٰٓؤُلَآءِ شُفَعَـٰٓؤُنَا
عِندَ ٱللَّهِ ۚ قُلْ أَتُنَبِّـُٔونَ ٱللَّهَ بِمَا لَا يَعْلَمُ فِى ٱلسَّمَـٰوَٰتِ وَلَا فِى ٱلْأَرْضِ ۚ سُبْحَـٰنَهُۥ
وَتَعَـٰلَىٰ عَمَّا يُشْرِكُونَ ﴿١٨﴾

അല്ലാഹുവിനു പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചു കൊണ്ടിരിക്കുന്നു. ഇവർ(ആരാധ്യർ) അല്ലാഹുവിന്റെയടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു. (നബിയേ,) പറയുക: ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവിനറിയാത്ത വല്ല കാര്യവും നിങ്ങളവന്ന് അറിയിച്ചു കൊടുക്കുകയാണോ? അല്ലാഹു പങ്കു ചേർക്കുന്നതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു (10:18).

ശുപാർശകരെ ആരാധ്യരായി സ്വീകരിച്ചവർ ബഹുദൈവാരാധകർ (മുശ്രിക്കുകൾ) ആണെന്നും അവർക്ക് ശഫാഅത്ത് ലഭിക്കുകയില്ലെന്നും അല്ലാഹു ഈ വചനങ്ങളിലൂടെ വ്യക്തമാക്കിയിരിക്കുന്നു. പ്രത്യുത അല്ലാഹുവിന്റെ അനുമതിയോടും, തൃപ്തിയോടും കൂടി മാത്രമേ പരലോകത്ത് ശഫാഅത്ത് ഉണ്ടാവുകയുള്ളൂ.

ഈ സംഗതി ശരിയായ വിധത്തിൽ മനസ്സിലാക്കാൻ അല്ലാഹു തൗഫീഖ് ചെയ്ത ആളുകൾക്ക് തൗഹീദിന്റെയും സുന്നത്തിന്റെയും യാഥാർഥ്യം വ്യക്തമാകുന്നതാണ്. അല്ലാഹു സ്ഥിരീകരിച്ച ശഫാഅത്തും നിഷേധിച്ച ശഫാഅത്തും തമ്മിലുള്ള വ്യത്യാസം അവർക്ക് വ്യക്തമാകും.

‘‘അല്ലാഹു ആർക്ക് പ്രകാശം നൽകിയിട്ടില്ലയോ, അവന് യാതൊരു പ്രകാശവുമില്ല.’’

(അല്ലാമ ഇബ്നുൽ ഖയ്യിമി(റ)ന്റെ ‘‘ഇഗാഥത്തുല്ലഹഫാൻ’’ എന്ന ഗ്രന്ഥത്തിൽ നിന്ന്)

വിവർത്തനം : ശമീർ മദീനി